മലയാള മനോരമ
ESTABLISHED 1888
07 May 2019

# മത്സ്യമേഖല സ്വകാര്യ പണമിടപാട് സംഘങ്ങളുടെ പിടിയിലെന്ന് പഠനം



കൊച്ചി • കേരളത്തിലെ മത്സ്യമേഖലയിലെ അനാരോഗ്യകരമായ പ്രവണതകൾ തുറന്നുകാട്ടി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പുതിയ പഠനം. മത്സ്യബന്ധനത്തിലേർപ്പെടുന്നതിന് സ്വകാര്യ ഇടപാടുകാരിൽ നിന്ന് വായ്പയെടുക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾ സാമ്പത്തിക ചൂഷണത്തിന് വിധേയമാകുന്നുവെന്നും വൻബാധ്യതകൾ വരുത്തിവയ്ക്കുന്നുവെന്നുമാണ് രാജ്യാന്തര ഗവേഷണ ജേണലായ മറൈൻ പോളിസിയിൽ പ്രസിദ്ധീകരിച്ച പഠനത്തിലെ കണ്ടെത്തൽ.

ഔദ്യോഗിക ധനകാര്യ സ്ഥാപനങ്ങളുമായുള്ള പണമിടപാടുകൾ താരതമ്യേന കുറവായ മത്സ്യമേഖലയിൽ സ്വകാര്യ വായ്പാദാതാക്കളുടെ ആധിപത്യമാണുള്ളതെന്നും സിഎംഎഫ്ആർഐ പഠനം വ്യക്തമാക്കുന്നു. 160 ശതമാനം വരെ പലിശനിരക്കിൽ വായ്പ തിരിച്ചടക്കേണ്ട അവസ്ഥയാണ് മത്സ്യമേഖലയിലുള്ളത്. സംസ്ഥാനത്തെ 8 തീരദേശജില്ലകളിൽ നിന്നുള്ള വിവരങ്ങളാണ് സിഎംഎഫ്ആർഐ പഠനവിധേയമാക്കിയത്. മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം ചെറുക്കുന്നതിന് മത്സ്യ-ലേല സമ്പ്രദായം പരിഷ്കരിക്കണമെന്ന് പഠനത്തിന് നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സാമൂഹിക-സാമ്പത്തിക വിഭാഗം സീനിയർ സയന്റിസ്റ്റ് ഡോ. ഷിനോജ് പാറപ്പുറത്ത് പറഞ്ഞു. സിഎംഎഫ്ആർഐയിലെ ഗവേഷകർക്കൊപ്പം ഒരു മത്സ്യത്തൊഴിലാളി കൂടി പഠനത്തിൽ പങ്കാളിയായതും ശ്രദ്ധേയമായി. ആലപ്പുഴ ജില്ലയിലെ ആന്റണി സേവിയറാണ് പഠനത്തിന്റെ ഭാഗമായത്. ഡോ. സി. രാമചന്ദ്രൻ, ഡോ. കെ.കെ. ബൈജു എന്നിവരും പഠനത്തിൽ പങ്കാളികളായിരുന്നു.